1) **19.10.2017 വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 486–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി.
3) ശ്രീമതി. ജെബി ജോൺ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 141/2017–18**

*26.09.2017 ൽ കൂടിയ 485–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

26.09.2017–ൽ കൂടിയ 485–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 142/2017–18**

*25.08.2017–ൽ കൂടിയ 484–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

25.08.2017–ൽ കൂടിയ 484–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**3. തീരുമാനം നമ്പർ 143/2017–18**

*ജിസിഡിഎ – എസ്റ്റേറ്റ് വിഭാഗം – മറൈൻ ഡ്രൈവ് അശോക ഫ്ളാറ്റിൽ M/s. IDBI ബാങ്കിന് അനുവദിച്ചിട്ടുള്ള ഫ്ളാറ്റുകളുടെ ആധാരം ചെയ്യുന്നതുമായി ബന്ധപ്പെട്ട് replacement of sewage treatment plant ഇനത്തിൽ ചിലവായ തുകയും പൊതുപരിപാലന ചിലവും ഈടാക്കുന്നത് – സംബന്ധിച്ച്. (16530/ബി–2/എസ്റ്റേറ്റ്/1982/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക മറൈൻ ഡ്രൈവ് അശോക അപ്പാർട്ട്മെന്റിലെ ഫ്ളാറ്റുടമകൾക്ക്, എല്ലാ കുടിശ്ശിക തുകയും പലിശ സഹിതം ഒരു മാസത്തിനകം അടവാക്കണമെന്നും അല്ലാത്ത പക്ഷം S.T.P. കണക്ഷൻ ഡിസ്കണക്ട് ചെയ്യുമെന്നും കാണിച്ച് കത്ത് നൽകുന്നതിനും ഇങ്ങനെ എല്ലാ കുടിശ്ശികകളും പലിശ സഹിതം അടച്ച് തീർക്കുന്ന മുറയ്ക്ക് എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നതിനും തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 144/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീം - എളംകുളം വില്ലേജ് സർവ്വേ നം.906/1ൽ പ്പെട്ട പുനരധിവാസ പ്ലോട്ട് നം.കെ.13 ന്റെ തീറാധാരം - സംബന്ധിച്ച്. (നം. 4525/എസ്റ്റേറ്റ്/എ1/2015/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചിട്ടുള്ള സാഹചര്യത്തിൽ എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീമിലെ എളംകുളം വില്ലേജ് സർവ്വേ നമ്പർ 906/1-ൽപ്പെട്ട പുനരധിവാസ പ്ലോട്ട് നമ്പർ കെ-13 ശ്രീമതി. മേരി സേവ്യറുടെ പേരിൽ ആധാരം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 145/2017-18**

*ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീമതി. ആശ എൽ., ക്ലർക്ക് - നിരീക്ഷണകാലം പൂർത്തീകരിച്ചത് പ്രഖ്യാപിച്ച് സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള തീരുമാനവും - സംബന്ധിച്ച്. (നം. 1989/എസ്റ്റാ.2/2015/ജി.സി.ഡി.എ)*

അതോറിറ്റിയിൽ പി.എസ്.സി. നിയമന ശുപാർശ പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമിതയായ ശ്രീമതി. ആശ എൽ.-ന് നിരീക്ഷണകാലം പൂർത്തീകരിച്ചത് പ്രഖ്യാപിച്ച് സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും ആയതിന് സർക്കാർ അംഗീകാരത്തിനായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 146/2017-18**

*ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീമതി. ഹഫ്സത്ത് പി.എ.യ്ക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ച അസിസ്റ്റന്റ് ഗ്രേഡ് II സൂപ്പർന്യൂമററി തസ്തികയിൽ സ്ഥിര-പുനർനിയമനം നൽകി ക്രമപ്പെടുത്തിയത് - സാധൂകരിക്കുന്നതിനും ആയത് ബഹു. സർക്കാരിലേക്ക് അറിയിക്കുന്നതിനുള്ള തീരുമാനത്തിനും - സംബന്ധിച്ച്. (നം. 4028/എസ്റ്റാ.2/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ശ്രീമതി. ഹഫ്സത്ത് പി.എ.യ്ക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ച അസിസ്റ്റന്റ് ഗ്രേഡ്-II സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്നതിനും ആയത് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹയാണെന്നും ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ സ്ഥിര-പുനർനിയമനം നൽകി ക്രമപ്പെടുത്തിയത് സാധൂകരിക്കുന്നതിനും ആയത് ബഹു. സർക്കാരിലേക്ക് അറിയിക്കുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 147/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജെ.എൻ.ഐ സ്റ്റേഡിയം, കലൂർ - ഫിഫ അണ്ടർ-17 ലോകകപ്പ് ഇലക്ട്രിക്കൽ പ്രവൃത്തികൾ - റിവൈസഡ് എസ്റ്റിമേറ്റ് അംഗീകാരം - സംബന്ധിച്ച്. (നം. ഇ2/2671/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോക കപ്പിനോടനുബന്ധിച്ചുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയായി 1,24,55,600/- രൂപ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 148/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ-17 ലോകകപ്പ് - കോംപറ്റീഷൻ ഏരിയ അധിക ഇനങ്ങൾ - സംബന്ധിച്ച്. (നം. ഇ2/1368/2016/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോകകപ്പിനോടനുബന്ധിച്ചുള്ള കോംപറ്റീഷൻ ഏരിയയുടെ പ്രവൃത്തിയിൽ അധിക ഏരിയ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 149/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റിക്കു വേണ്ടി പ്രവർത്തിച്ചു വരുന്ന പൊന്നുംവില തഹസിൽദാരുടെ ഓഫീസ് നിർത്തലാക്കുന്നത് - സംബന്ധിച്ച്. (നം. 9132/എസ്റ്റേറ്റ്/എ1/95/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചിട്ടുള്ള സാഹചര്യത്തിൽ അതോറിറ്റിക്ക് വേണ്ടി പ്രവർത്തിട്ടുവരുന്ന പൊന്നുംവില തഹസീൽദാർ ഓഫീസിന്റെ പ്രവർത്തനം 2017 ഡിസംബർ 31-നകം നിർത്തലാക്കണമെന്ന് സർക്കാരിനോട് അപേക്ഷിക്കുന്നതിനും അതുവരെ ഭരണാനുമതി നൽകുന്നതിനും തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 150/2017-18**

*ജി.സി.ഡി.എ. - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ-17 ലോകകപ്പ് - കോംപറ്റീഷൻ ഏരിയയുടെ മുകളിലുള്ള പാത്തിയിലെയും (എ.എച്ച്,ജി സെക്ടേഴ്സ്) സീറ്റിംഗ് എലിമെന്റിലുള്ള വിടവിലെ ചോർച്ച തടയുന്നത് അധികം ചെയ്ത പ്രവൃത്തി അധികരിക്കുന്നതിന്റെ സാധൂകരണം - സംബന്ധിച്ച്. (നം. ഇ2/4829/2017/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 ലോക കപ്പിനോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയിൽ കോംപറ്റീഷൻ ഏരിയയുടെ മുകളിലുള്ള പാത്തിയിലെയും എച്ച്.ഐ.ജി. സെക്ടേഴ്സിലെ സീറ്റിംഗ്

എലിമെന്റിലുള്ള വിടവിലെ ചോർച്ച തടയുന്ന പ്രവൃത്തിയിൽ അധിക ഇനം ഉൾപ്പെടുത്തി പ്രവൃത്തി ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 151/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - പമ്പ് റൂമിലുള്ള പമ്പ് കൺട്രോൾ പാനൽ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്ത നടപടികളുടെ സാധൂകരണം - സംബന്ധിച്ച്.*
*(നം. ഇ2/6922/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസ്-ൽ പമ്പ് റൂമിലുള്ള പമ്പ് കൺട്രോൾ പാനൽ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി ലോക്കൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മെ. പവർ കെയറിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 152/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ 17 ജവഹർലാൽ നെഹ്രു അന്താരാഷ്ട്രസ്റ്റേഡിയം ഫയർ പ്രൊട്ടക്ഷൻ പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം - സംബന്ധിച്ച്. (നം.ഇ2/2800/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ചുള്ള ഫയർ പ്രൊട്ടക്ഷൻ പ്രവൃത്തിയിൽ ഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള നിർദ്ദേശവും ഫിഫ അധികൃതരുടെ നിർദ്ദേശവും പ്രകാരം ഫയർ, എൻ.ഒ.സി. ലഭിക്കുന്നതിനായി ചില അധിക ഇനങ്ങളും അധിക അളവും ഉൾപ്പെടുത്തി പ്രവൃത്ത ചെയ്തതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 153/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്രു അന്താരാഷ്ട്രസ്റ്റേഡിയം, കലൂർ - ഫിഫ അണ്ടർ 17 വേൾഡ് കപ്പിനോട് അനുബന്ധിച്ച് ലൈറ്റിംഗ് സംവിധാനം ഒരുക്കുന്നത് - സാധൂകരണം സംബന്ധിച്ച്.*
*(നം.ഇ2/6039/2017/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിനോട് അനുബന്ധിച്ച് പാർക്കിംഗ് ഏരിയയിൽ ലൈറ്റിംഗ് സംവിധാനം ഒരുക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് നെഗോസിയേഷൻ നടത്തി നികുതി അടക്കം 4,94,960/- രൂപയ്ക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 154/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അണ്ടർ 17 വേൾഡ് ലോകകപ്പ് - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്രസ്റ്റേഡിയത്തിലെ സബ്ബ് സ്റ്റേഷനിലുള്ള പവർ കൺട്രോൾ പാനലിലെ മീറ്ററുകൾ, ഇൻഡിക്കേറ്ററുകൾ, കപ്പാസിറ്ററുകൾ എന്നിവ അടിയന്തിരമായി അറ്റകുറ്റപണികൾ ചെയ്ത നടപടിയുടെ സാധൂകരണം - സംബന്ധിച്ച്. (നം.ഇ1/6473/2017/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 വേൾഡ് കപ്പിനോട് അനുബന്ധിച്ച് ഇലക്ട്രിക്കൽ സബ്ബ് സ്റ്റേഷനിലുള്ള പവർ കൺട്രോൾ പാനലിലെ മീറ്ററുകൾ, ഇൻഡിക്കേറ്ററുകൾ, കപ്പാസിറ്ററുകൾ എന്നിവ അറ്റകുറ്റപ്പണി ചെയ്യുന്നതിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മെ. പവർ കെയർ ഇലക്ട്രിക്കലിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 155/2017-18**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - അംബേദ്കർ സ്റ്റേഡിയം - സ്പോർട് സിറ്റി - സംബന്ധിച്ച്. (നം.7136/പി.എൽ.2/2017/ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. സ്റ്റേഡിയം ബസ് സ്റ്റാന്റ് കോംപ്ലക്സ് ഡി.ടി.പി. സ്കീമിൽ ഉൾപ്പെടുന്ന അംബേദ്കർ സ്റ്റേഡിയം സ്പോർട്സ് സിറ്റി പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി